**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1200** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പാടശ്ശേഖരങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും തരിശ് ഭൂമി നിർമ്മാർജ്ജനത്തിനുമായി മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പാടശേഖരങ്ങളുടെ ഭൂവിനിയോഗ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും, അതുവഴി തരിശുഭൂമി പൂർണ്ണമായി ഇല്ലാതാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിലുള്ള നെൽവയലുകൾ ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) സാങ്കേതികവിദ്യ ഉപയോഗിച്ച് മാപ്പ് ചെയ്യുന്നു. പാടശേഖരങ്ങൾ, നെൽകൃഷി പ്രദേശങ്ങൾ, തരിശുഭൂമികൾ, ഭൂവിനിയോഗ മാറ്റങ്ങൾ എന്നിവ സംബന്ധിച്ച സ്ഥലപരവും (Spatial) സ്ഥിതി വിവരക്കണക്കുകളുമായ (Statistical) വിവരങ്ങൾ ഡിജിറ്റൽ ഷേപ്പ് ഫയലുകളിലൂടെ (Digital Shapefiles) ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് (KSLUB) തയ്യാറാക്കുന്ന ഈ സമഗ്ര GIS വിവരങ്ങൾ, കൃഷിവകുപ്പിന്റെ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമായ **'കതിർ' (KATHIR)** ആപ്ലിക്കേഷനുമായി സംയോജിപ്പിക്കുന്നുണ്ട്.

ഈ വിവരശേഖരം കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് നെൽവയലുകൾ കൃത്യമായി തിരിച്ചറിയുന്നതിനും തരിശുഭൂമികൾ കണ്ടെത്തുന്നതിനും സഹായകരമാകും. ലഭ്യമാകുന്ന വിവരങ്ങളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി,എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയോഗിച്ചിട്ടുള്ള ജി.ഐ.എസ് ടെക്നീഷ്യന്മാർ, അഗ്രിക്കൾച്ചറൽ ഓഫീസർമാർ, പ്രോജക്റ്റ് സയന്റിസ്റ്റുകൾ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ **ഫീൽഡ് പരിശോധനയും (Ground Truth Verification)** ഡാറ്റാബേസ് നിർമ്മാണവും പുരോഗമിക്കുകയാണ്.

തരിശ് ഭൂമി നിർമ്മാർജ്ജനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തു സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരമുള്ള തരിശ്ശ് ഭൂമി കൃഷി ചെയ്തിട്ടുണ്ട്.

| വർഷം | കൃഷി ചെയ്ത തരിശ്ശ് ഭൂമിയുടെ വിസ്തൃതി (hectare) |
|---|---|
| 2021-22 | 748.9205 |
| 2022-23 | 970.1919 |
| 2023-24 | 515.2932 |

| | |
|---|---|
| 2024-25 | 663.7452 |
| 2025-26 | 406.5044 |
| **Total** | **2234.406** |

തരിശായി കിടക്കുന്ന നെൽവയലുകൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40000 രൂപ നിരക്കിൽ (35000/ഹെക്ടർ കർഷകനും 5000 രൂപ/ഹെക്ടർ വയലിന്റെ ഉടമക്കും) **2234.406 ഹെക്ടറിന്** ആനുകൂല്യവും നൽകിയിട്ടുണ്ട്. നെൽവയലുകൾ (തരിശായതും തരിശല്ലാത്തതും) കൃഷി ചെയ്യുവാൻ വിട്ടു നൽകുന്ന/ സ്വന്തം നിലയിൽ കൃഷി ചെയ്യുന്ന ഭൂവുടമകൾക്കു റോയൽറ്റി ആയി ഹെക്ടറിന് 3000 രൂപ എന്ന നിരക്കിൽ നൽകുകയും ചെയ്തിരുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് നെൽ കൃഷിയുടെ ഉൽപ്പാദനക്ഷമതയിൽ ദേശീയ ശരാശരിയേക്കാൾ ഉയർന്ന നേട്ടം കൈവരിക്കാൻ സാധിച്ചിരുന്നോ ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് നെൽ കൃഷിയുടെ ഉത്പാദനക്ഷമതയിൽ ദേശീയ ശരാശരിയേക്കാൾ ഉയർന്ന നേട്ടം കൈവരിക്കാൻ സാധിച്ചിരുന്നു. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഉത്പാദനക്ഷമത സംബന്ധിച്ച കേരളത്തിന്റേയും ഇന്ത്യയുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **ഉത്പാദനക്ഷമത (കിലോഗ്രാം/ഹെക്ടർ)** | |
|---|---|---|
| | **കേരളം*** | **ഇന്ത്യ**** |
| 2021-22 | 2872 | 2798 |
| 2022-23 | 3108 | 2828 |
| 2023-24 | 2958 | 2882 |
| 2024-25 | 3005 | 2929 |

**** അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്***

***** അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് അറ്റ് എ ഗ്ലാൻസ് 2024-25, GoI, മിനിസ്ട്രി ഓഫ് അഗ്രികൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ***

**(സി)** തരിശ് ഭൂമി നിർമ്മാർജ്ജനത്തിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** തരിശു ഭൂമി നിർമ്മാർജ്ജനത്തിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി, സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയിലെ ***നെല്ലിന്റെ വിസ്തൃതി വ്യാപനം*** എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശ്ശ് ഭൂമിയിൽ നെൽകൃഷിക്ക് ഹെക്ടറിന് 40000 രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നുണ്ട് . തരിശായി കിടക്കുന്ന നെൽവയലുകൾ കൃഷി ചെയ്യുന്ന ഉടമകൾക്കും കൃഷിക്ക് വിട്ടു നൽകുന്ന ഉടമസ്ഥർക്കും ***റോയൽറ്റി*** നൽകിവരുന്നു.

കൂടാതെ തരിശുനിലകൃഷി, ഒരുപൂ കൃഷി ഇരുപൂ കൃഷിയിലേക്ക് മാറ്റുക, സവിശേഷ നെല്ലിനങ്ങളുടെ പ്രോത്സാഹനം എന്നീ പരിപാടികളിലൂടെ കാർഷിക സർവകലാശാലയുടെ ശിപാർശ അടിസ്ഥാനമാക്കി നെൽകൃഷി വിസ്തൃതി വികസനം നടപ്പിലാക്കാനും, 2026-27 വർഷത്തിൽ വിസ്തൃതി വികസന പരിപാടികൾക്കായി 245.00 ലക്ഷം രൂപ വകയിരുത്താനും ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**